<u>ശ്രീ. എൻ. എ. നെല്ലിക്കുന്ന്</u>: സർ,

<u>മി. സ്പീക്കർ</u>: ശ്രീ. എൻ. എ. നെല്ലിക്കുന്ന്, അങ്ങ് തന്ന കത്തിന് ഞാൻ അവസരം തരാം. അങ്ങ് തന്ന കത്തിന്റെ വിശദാംശങ്ങൾ അന്വേഷിക്കാൻ ഞാൻ ആവശ്യപ്പെട്ടിട്ടുണ്ട്.

പ്രതിപക്ഷ നേതാവ് <u>(ശ്രീ. രമേശ് ചെന്നിത്തല)</u>: സർ, ഈ കാര്യത്തിൽ നിരവധി സ്പീക്കർമാർ റൂളിംഗ് നൽകിയിട്ടുണ്ട്. സഭാ സമ്മേളനം നടന്നുകൊണ്ടിരിക്കുമ്പോൾ ശ്രീ. എൻ. എ. നെല്ലിക്കുന്നിന്റെ നിയോജക മണ്ഡലത്തിൽ ഒരു മന്ത്രി പൊതുപരിപാടിയിൽ പങ്കെടുക്കുന്നത് എം.എൽ.എ.-യ്ക്ക് ബുദ്ധിമുട്ടുണ്ടാക്കുന്നുണ്ട്. ഇത് ശരിയല്ല. സഭാ സമ്മേളനം നടന്നുകൊണ്ടിരിക്കുമ്പോൾ ഒരു മന്ത്രി എം.എൽ.എ.-യെ അറിയിക്കാതെ അങ്ങനെയൊരു പരിപാടിയിൽ പങ്കെടുക്കുന്നത് ശരിയല്ല. അതൊന്ന് ഉന്നയിക്കാൻ അങ്ങ് അവസരം നൽകണം.

<u>മി. സ്പീക്കർ</u>: അങ്ങ് ഉന്നയിച്ചത് വളരെ ഗൗരവമായ ഒരു പ്രശ്നമാണ്. ഇക്കാര്യം ശ്രീ. എൻ. എ. നെല്ലിക്കുന്ന് എനിക്ക് ഇന്നലെ എഴുതിത്തന്നിരുന്നു. അക്കാര്യത്തിൽ ഞാൻ വിശദീകരണം തേടിയിട്ടുണ്ട്. അതിനുശേഷം സഭയെ അറിയിക്കുന്നതാണ്.

ശ്രീ. പി. ടി. തോമസ്: സർ, എന്റെ മണ്ഡലമായ വൈറ്റിലയിൽ ബഹുമാനപ്പെട്ട മുഖ്യമന്ത്രിയും പൊതുമരാമത്ത് വകുപ്പുമന്ത്രിയും പങ്കെടുക്കുന്ന ഫ്ലൈ ഓവർ ഉത്ഘാടനം ഉണ്ടായിരുന്നു. അവിടെ ഞാനൊരു ആശംസാ പ്രാസംഗികൻ മാത്രമായിരുന്നു. അത് ഈ സഭ തീരുമാനിക്കുകയും അങ്ങ് കൊടുത്ത നിർദ്ദേശത്തിന് കടകവിരുദ്ധവുമായിരുന്നു.

മി. സ്പീക്കർ: പ്രോട്ടോകോൾ ലംഘനം ഉണ്ടെങ്കിൽ അങ്ങ് എഴുതിത്തന്നാൽ മതി. അങ്ങനെ എഴുതി തന്നാൽ അത് പരിശോധിച്ച് നടപടി സ്വീകരിക്കുന്നതാണ്. ബഹുമാനപ്പെട്ട സാമാജികരുടെ പ്രോട്ടോകോൾ ലംഘനവുമായി ബന്ധപ്പെട്ട പരാതികൾ ചെയറിന് ലഭിച്ചാൽ അവ പരിശോധിക്കുകയും ആവശ്യമായ വിശദീകരണം തേടുകയും നടപടികൾ സ്വീകരിക്കുകയും ചെയ്യുന്നുണ്ട്. അതിൽ ചർച്ച ഇല്ല. ഇക്കാര്യം പൊതുവായി എടുത്ത് റൂളിംഗ് നൽകുന്നതാണ്.

ശ്രീ. എൽദോസ് കുന്നപ്പിള്ളി: സർ, ...(മൈക്ക് ഓഫ്)... ഇതുപോലെ ഒരു വിഷയം സംബന്ധിച്ച് ഞാൻ ഒരുമാസം മുമ്പ് അങ്ങേയ്ക്ക് കത്ത് തന്നിരുന്നതാണ്. ...(ബഹളം)....

മി. സ്പീക്കർ: നിങ്ങൾ എഴുതിതന്നാൽ അപ്പോൾത്തന്നെ മറുപടി പറയാൻ

പറ്റുമോ; ചെയർ എപ്പോഴാണ് റൂളിംഗ് തരേണ്ടതെന്ന് നിങ്ങൾ നിർദ്ദേശിച്ചാൽ പറ്റുമോ; ഞാൻ അതിന്റെ വിശദീകരണം തേടിയിട്ടുണ്ടെന്ന് പറഞ്ഞല്ലോ. വിശദീകരണം കിട്ടട്ടെ.

ശ്രീ. രമേശ് ചെന്നിത്തല: സർ, ഒരു മാസം മുമ്പ് പെരുമ്പാവൂർ എം.എൽ.എ. ശ്രീ. എൽദോസ് കുന്നപ്പിള്ളി അങ്ങേയ്ക്ക് ഒരു കത്ത് തന്നിരുന്നു. ഇപ്പോൾ ശ്രീ. എൻ. എ. നെല്ലിക്കുന്നിനും ഇങ്ങനെയൊരു സംഭവമുണ്ടായിരിക്കുന്നു. ശ്രീ. പി. ടി. തോമസ് ഇപ്പോൾ ഒരു കാര്യം ഉന്നയിച്ചു. മുൻകാല സ്പീക്കർമാർ ഇതുസംബന്ധിച്ച് റൂളിംഗ് നൽകിയിട്ടുണ്ട്. അങ്ങ് ഈ രണ്ട് കത്തുകളും പരിശോധിച്ചതിനുശേഷം തിങ്കളാഴ്ച ഇതുസംബന്ധിച്ച റൂളിംഗ് നൽകണമെന്നാണ് പറയാനുള്ളത്.

മി. സ്പീക്കർ: തീർച്ചയായും റൂളിംഗ് നൽകുന്നതാണ്.